"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് പെരിങ്ങോട് ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി.ദിവ്യ പി.നായർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 20273/2022-ന്റെ 22/06/2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.147/2023/GEDN തീയതി,തിരുവനന്തപുരം, 06-01-2023

---

പരാമർശം:-

1. പാലക്കാട് പെരിങ്ങോട് ഹൈസ്കൂൾ മാനേജരും ശ്രീമതി.ദിവ്യ പി.നായരും സമർപ്പിച്ച 04.06.2022-ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി5)
2. ശ്രീമതി.ദിവ്യ പി.നായർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 20273/2022-ന്റെ 22/06/2022-ലെ വിധിന്യായം
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29.09.2022-ലെ ബി3/3859/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് പെരിങ്ങോട് ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി.ദിവ്യ പി.നായർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 20273/2022-ന്റെ പരാമർശം (2)-ലെ വിധിന്യായത്തിൽ, ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി 5 റിവിഷൻ ഹർജി, ഹർ ജിക്കാരിയെയും 5-ാം എതിർ കക്ഷിയായ സ്കൂൾ മാനേജരെയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം, 03/10/2022-ൽ ബന്ധപ്പെട്ട കക്ഷികളെ ഗൂഗിൾ മീറ്റ് സംവിധാനം മുഖാന്തിരം കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയായ ശ്രീമതി ദിവ്യ പി. നായരുടെ വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.**

"15-07-2021-ൽ റിവിഷൻ ഹർജിക്കാരി എച്ച്.എസ്.ടി. ഹിന്ദി തസ്തികയിൽ നിയമിതയായി. ശ്രീമതി.എം.ഷെർലി ജോസ് വിരമിച്ച തസ്തികയിലേക്കാണ് റിവിഷൻ ഹർജിക്കാരി നിയമിക്കപ്പെട്ടത്. 05-10-2021-ലെ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിൻ പ്രകാരം റിവിഷൻ ഹർജിക്കാരിയുടെ നിയമനം നിരസിക്കപ്പെട്ടു. സംരക്ഷിത അധ്യാപക നിയമ വ്യവസ്ഥ അധ്യായം XXI റൂൾ 7(5) പ്രകാരം 2021-2022 വർഷം മുതൽക്കുള്ള നിയമനങ്ങളിൽ സർക്കാർ ഇളവ് നൽകിയിട്ടില്ല."

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേൽ നിരസന ഉത്തരവിനെതിരെ വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 8(5) പ്രകാരം പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് സമർപ്പിച്ച അപ്പീലും നിരസിക്കപ്പെട്ടു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06-09-2021-ലെ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു. ആയതിനാൽ റിവിഷൻ ഹർജിക്കാരിയുടെ നിയമനം മേൽ ന്യൂനതയുടെ അടിസ്ഥാനത്തിൽ നിരസിച്ച് ഉത്തരവുണ്ടാകുകയാണ് ചെയ്തത്.

06-07-2021-ലെ GO (Rt) No.3287/2021-ൽ നിർദ്ദേശിച്ചതിൻ പ്രകാരം 15-07-2021 മുതൽ റിവിഷൻ ഹർജിക്കാരി നിയമിക്കപ്പെട്ടതാണ്. ആയത് ജില്ല വിദ്യാഭ്യാസ ഓഫീസർക്കോ, ഡെപ്യൂട്ടി ഡയറക്ടർക്കോ നിരസിക്കുവാൻ അധികാര അവകാശമില്ലാത്തതാവുന്നു. വിദ്യാഭ്യാസ നിയമം XXI റൂൾ 7 (5) താഴെപ്പറയും പ്രകാരമാണ്.

“Not withstanding anything contained in rules 43,51 A and 51 B of CHAPTER XIV A, the post of Lower Primary School Assistant and Upper Primary School Assistant sanctioned additionally as per item (iii) of clause (b) of Rule 1 and item (IV) of rule 5 of CHAPTER XXIII, the first post of every two additional posts, irrespective of its category, on staff fixation are soley earmarked for appointing protected teachers from the teachers Bank.”

മേൽ നിയമപ്രകാരം, റിവിഷൻ ഹർജിക്കാരിയ്ക്ക് നിയമനാംഗീകാരത്തിന് യാതൊരുവിധ നിയമ തടസ്സങ്ങളുമില്ല. 26-02-2021-ലെ GO(P) No.4/2021 പ്രകാരം മാനേജർ ഡിക്ളറേഷൻ സമർപ്പിച്ചിട്ടുള്ളതാകുന്നു. ബഹു. സുപ്രീം കോടതിയിൽ 10/10 സംബന്ധിച്ച കേസിന്റെ വിധിക്കു വിധേയമായി പ്രൊട്ടക്റ്റഡ് ടീച്ചറെ നിയമിക്കാമെന്ന് ഡിക്ലറേഷൻ സമർപ്പിച്ചിട്ടുണ്ട്. ആകയാൽ മേപ്പടി ഡിക്ളറേഷന്റെ അടിസ്ഥാനത്തിലും നിയമനം അംഗീകരിക്കപ്പെടേണ്ടതാണ്. മേൽ പ്രസ്താവിച്ച വസ്തുതകളുടെയും വാദമുഖങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ 15-07-2021 മുതൽ ഹർജിക്കാരിയ്ക്ക് നിയമനാംഗീകാരം ലഭ്യമാക്കുവാൻ ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു.”

**3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ താഴെപ്പറയുന്ന കാര്യങ്ങൾ അറിയിച്ചു**

"പെരിങ്ങോട് ഹൈസ്കൂൾ മാനേജർ പ്രസ്തുത സ്കൂളിൽ 31/05/2021-ന് എച്ച്. എസ്.ടി (ഹിന്ദി) നിന്നും റിട്ടയർ ചെയ്ത ശ്രീമതി എം. ഷെർളി ജോസ് എന്നയാളുടെ റിട്ടയർമെന്റ് ഒഴിവിൽ പ്രസ്തുത

തസ്തികയിൽ ദിവ്യ പി. നായർ എന്നയാളെ 15/07/2021 മുതൽ നിയമിച്ചു. മേൽ നിയമനാംഗീകാരാപേക്ഷ താഴെ പറയുന്ന കാരണങ്ങളാൽ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു.

ഈ സ്കൂളിന് സംരക്ഷിതാധ്യാപിക നിയമനവ്യവസ്ഥ ബാധകമാണ്. KER Chapter XXI Rule 7 (5) ലെ നിബന്ധനക്ക് 2021-2022 വർഷം മുതൽക്കുള്ള നിയമനങ്ങളിൽ സർക്കാർ ഇളവ് നൽകിയിട്ടില്ല. 2019-20 വർഷം വരെയുള്ള നിയമനങ്ങൾക്കാണ് ഇളവ് ബാധകമായിട്ടുള്ളത്.

മേൽ നിയമനവുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രകാരം അപ്പീൽ റിമാർക്സ് സമർപ്പിക്കുന്നു.

പെരിങ്ങോട് ഹൈസ്കൂളിൽ 2016-17 മുതൽ 2019-20 താഴെ പറയുന്ന പ്രകാരം 10 സഞ്ചിത അധിക തസ്തികകൾ ഉണ്ടായിട്ടുണ്ട്.

1. എച്ച് എസ്-ടി - 1

2. യു. പി.എസ്.ടി - 7

3.ജൂനിയർ ലാഗ്വേജ് (ഹിന്ദി) - 1

4. ജൂനിയർ ലാഗ്വേജ് (അറബിക്) - 1

മേൽ സഞ്ചിത അധിക തസ്തികളിൽ 1 എച്ച്.എസ്.ടി തസ്തികയിലും 2 യു.പി.എസ്.ടി തസ്തികയിലും സ.ഉ.(പി).4/2021 തിയതി 06/02/2021/പൊ.വി.വ പ്രകാരം മാനേജർ സത്യപ്രസ്താവന നൽകി നിയമനം നടത്തിയിട്ടുണ്ട്.

ആയതിനാൽ ഇപ്പോൾ നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി റൂൾ കെ.ഇ.ആർ ചാപ്റ്റർ 21 റൂൾ 7(5) പ്രകാരം തുല്യം എണ്ണം അധ്യാപകർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ ഈ സ്കൂളിൽ മറ്റു നിയമനം അംഗീകരിക്കാൻ കഴിയൂ എന്ന് ചട്ടത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. (GO(P) No.3/19 നിയമഭേദഗതി) ആയതിനാൽ പിന്നീടുള്ള നിയമനം ഏത് ഒഴിവിൽ ആണ് എങ്കിലും മേൽ ചട്ടം പാലിച്ചാൽ മാത്രമേ അംഗീകരിക്കാൻ കഴിയൂ. 29/01/2016 മുതലുള്ള ചട്ടഭേദഗതി ബഹു. കോടതി സ്റ്റേ ചെയ്തതായി അറിവില്ല എന്നും റിപ്പോർട്ട് ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/19500/2019 തിയതി 11/10/2021 കത്ത് പ്രകാരം KER Chapter XXI Rule 7 (5) ന് 2021-22 ലും ഇളവ് നൽകുന്നതിനായി സർക്കാരിലേക്കു കത്ത് എഴുതിയതായി കാണുന്നു. ആയതിനാൽ ഈ ഓഫീസിൽ നിന്നും നിയമനം നിരസിച്ചത് ചട്ട പ്രകാരം ശരിയാണ് എന്ന് ബോധ്യപ്പെടുന്നതാണ്. ആയതിനാൽ സംരക്ഷിതാധ്യാപക നിയമന

വ്യവസ്ഥ പാലിക്കാത്തതിനാൽ ന്യൂനത ഇപ്പോഴും നിലനിൽക്കുന്നു. ഇതിനു പുറമേ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട കേസ്സിൽ ബഹു.കേരളാ ഹൈക്കോടതിയുടെ 10/08/2022-ലെ വിധിന്യായ പ്രകാരം (WP(C)19808/21) 18/11/2018 മുതൽക്കുള്ള നിയമനം അംഗികരിക്കുന്നതിന് ഭിന്നശേഷി സംവരണം പാലിച്ച് ബാക്ക് ലോഗ് കണക്കാക്കി നിയമനം നടത്തേണ്ടതുണ്ട് എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

മേൽ നിയമനം നിരസിച്ചതിന് എതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിലേക്ക് സമർപ്പിച്ച അപ്പീൽ നിരസിച്ചിട്ടുണ്ട്. പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അപ്പീൽ സമർപ്പിച്ചിട്ടുണ്ട് ആയത് തീർപ്പാക്കിയിട്ടില്ല എന്ന വിവരവും അറിയിക്കുന്നു.”

**4. പൊതുവിദ്യാഭ്യാസ ഡയറക്ടർ താഴെപ്പറയുന്ന കാര്യങ്ങൾ അറിയിച്ചു**

"സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിൽ നിയമിക്കാൻ എയ്ഡഡ് സ്കൂൾ മാനേജർമാർ സംരക്ഷിതാധ്യാപകരെ ആവശ്യപ്പെടുകയും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലകളിൽ ലഭ്യമായ സംരക്ഷിതാധ്യാപകരെ പുനർവിന്യസിച്ചു നൽകിയിട്ടുമുണ്ട്. മാനേജർമാർ ആവശ്യപ്പെട്ട തസ്തികകളിൽ പുനർവിന്യസിക്കാൻ സംരക്ഷിതാധ്യാപകൻ ജില്ലകളിൽ ലഭ്യമാകാത്ത തസ്തികകളിൽ ഡയറക്ടറുടെ അനുമതിയോടെ മറ്റ് ജില്ലകളിൽ നിന്നും സംരക്ഷിതാധ്യാപകരെ പുനർവിന്യസിച്ചിട്ടുണ്ട്. എന്നാലും ചില ജില്ലകളിൽ സംരക്ഷിതാധ്യാപകരെ ലഭിക്കാത്തത് കാരണം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇങ്ങനെയുള്ള ഒഴിവുകളിൽ സംരക്ഷിതാധ്യാപകരെ ലഭിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക നിയമനങ്ങൾ നടത്താൻ ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്.

കെ.ഇ.ആർ അധ്യായം XXI, ചട്ടം 7 (5) പ്രകാരം സ്കൂളുകളിൽ സംരക്ഷിതാധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ പ്രസ്തുത സ്കൂളിലെ ബന്ധപ്പെട്ട മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതിനാൽ ചട്ടപ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാറ്റി വെച്ചിട്ടുള്ള ഒഴിവുകളിൽ പല സ്കൂളുകളിലും മാനേജർമാർക്ക് നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കെ.ഇ.ആർ അധ്യായം XXI, ചട്ടങ്ങൾ 7(2), 7(3) എന്നിവ പ്രകാരം സംരക്ഷിതാധ്യാപകരെ മാത്രം നിയമിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അംഗീകൃത ഒഴിവ് മാറ്റി വയ്ക്കുന്നുവെങ്കിൽ അത്തരം സ്കൂളുകളിലെ മറ്റ് നിയമനങ്ങൾക്ക് നിയമന തീയതി മുതൽ തന്നെ

അംഗീകാരം നൽകാവുന്നതാണെന്നും സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നു.

5. ഹർജിക്കാരിയുടെ അപേക്ഷ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള കെ.ഇ.ആർ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. 2019-2020 വർഷത്തെ തസ്തിക നിർണ്ണയം 2021-2022 വർഷത്തേക്ക് കൂടി ബാധകമാക്കുകയും 2021-2022 വർഷം എയ്ഡഡ് സ്കൂളുകളിൽ റഗുലർ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്താമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി.എം. ഷെർളി ജോസിന്റെ റിട്ടയർമെന്റ് ഒഴിവിൽ ശ്രീമതി.ദിവ്യയെ 15/07/2021 മുതൽ നിയമിച്ചത്. 2016-2017 മുതൽ 2020-2021 വരെ അധിക തസ്തികകളിൽ 1 എച്ച്.എസ്.ടി തസ്തികയിലും, 2 യു.പി.എസ്.ടി തസ്തികകളിലും സ.ഉ.(പി.)4/2021/പൊ.വി.വ തീയതി 06/02/2021 പ്രകാരം മാനേജർ സത്യപ്രസ്താവന നൽകി നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയത് ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ്.

6. കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7 (2) പ്രകാരം തസ്തിക നിർണ്ണയത്തിലൂടെ ഉണ്ടാകുന്ന അധിക തസ്തികകളിൽ മാനേജർമാർ 1 : 1 അനുപാതം പാലിച്ചുകൊണ്ട് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതാണ്. ഈ കേസിൽ മാനേജർ 1 : 1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാതെ 3 അധിക തസ്തികകളിൽ പുതിയ നിയമനമാണ് നടത്തിയിട്ടുള്ളത്. എന്നിരുന്നാലും 2016-17 മുതൽ 2019-20 വരെ ഇപ്രകാരം നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ 06/02/2021-ലെ സ.ഉ.(പി) നം.4/2021/പൊ.വി.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഖണ്ഡിക 4 (2) പ്രകാരം മാനേജർ അധ്യാപക ബാങ്കിൽ നിന്നും നിയമാനുസൃതം നിയമിക്കേണ്ട ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചു ഉത്തരവാകുകയോ/ഭാവിയിലുണ്ടാകുന്ന ഒഴിവിലേക്ക് നിയമിക്കാമെന്ന സത്യപ്രസ്താവന നല്കുകയോ ചെയ്യുന്ന തീയതി മുതൽ നിലവിലുള്ള കെ.ഇ.ആർ വ്യവസ്ഥകളിൽ താൽകാലിക ഇളവ് നൽകി നിയമിക്കപ്പെട്ട ജീവനക്കാർക്ക് നിയമനാംഗീകാരം നൽകാവുന്നതാണ്.ഖണ്ഡിക ( 6 ) പ്രകാരം 12/1/2൦10-ലെ സ.ഉ.(പി) 10/10 ഉത്തരവിലെ 5, 6 വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നിയമനം നടത്തിയിട്ടുള്ള കേസുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധിക്കു വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധനയോടെ നിയമിക്കപ്പെട്ടവരുടെ നിയമനം അംഗീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഇളവുകൾ 2016-17 വർഷം മുതൽ 2019-20 വർഷം വരെയുള്ള നിയമനങ്ങൾക്കു മാത്രമാണ് ബാധകമാകുന്നത്.

7 . ശ്രീമതി.ദിവ്യയെ മാനേജർ നിയമിച്ചിരിക്കുന്നത് ശ്രീമതി.എം. ഷെർളി ജോസ് എന്നയാളുടെ റിട്ടയർമെന്റ് ഒഴിവിൽ 15/07/2021-ലാണ്. KER അദ്ധ്യയം XXI ചട്ടം 7 (5) പ്രകാരം, ഉപചട്ടം (1), (2), (4) , (3)ലെ (a) (b) എന്നിവയിൽ പറയും പ്രകാരം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികകളിൽ അദ്ധ്യാപക ബാങ്കിൽ നിന്നും മാത്രമേ നിയമനം നടത്താവൂ. അതേ തീയതിയിലോ അതിനുശേഷമുള്ള തീയതിയിലോ മറ്റ് ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ സംരക്ഷിതാദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ അംഗീകാരം നൽകാൻ പാടുള്ളൂ. 06/02/2021-ലെ സർക്കാർ ഉത്തരവു പ്രകാരം സംരക്ഷിതാദ്ധ്യാപകരെ ബഹു.സുപ്രീം കോടതി, ഹൈക്കോടതി വിധികൾക്ക് വിധേയമായി നിയമിക്കുന്നതാണെന്ന് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുള്ള പക്ഷം റഗുലർ തസ്തികകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് സംരക്ഷിതാധ്യാപകരെ നിയമിച്ചിരിക്കണം എന്ന വ്യവസ്ഥ നിർബന്ധമാക്കാനാകില്ല. ആയതിനാൽ റിട്ടയർമെന്റ് ഒഴിവിലെ ശ്രീമതി.ദിവ്യയുടെ നിയമനം അംഗീകരിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച കേസിലെ വിധിക്ക് അനുസൃതമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി. ദിവ്യ പി.നായരുടെ നിയമനം 15/07/2021 മുതൽ അംഗീകരിക്കുവാൻ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരിയും സ്കൂൾ മാനേജരും ചേർന്ന് സമർപ്പിച്ച എക്സിബിറ്റ് പി 5 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട് പെരിങ്ങോട് ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി. ദിവ്യ പി.നായർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)20273/2022-ന്റെ 22/06/2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, പെരിങ്ങോട് ഹൈ സ്കൂൾ, പെരിങ്ങോട്, പാലക്കാട്
ശ്രീമതി.ദിവ്യ പി.നായർ, എച്ച്.എസ്.ടി(ഹിന്ദി), പെരിങ്ങോട് ഹൈ സ്കൂൾ, പെരിങ്ങോട്, പാലക്കാട്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 06-01-2023 16:22:20
സെക്ഷൻ ഓഫീസർ